Mr. P. Nilakanta Menon.—About a mile or two miles.

Mr. A. Eachara Menon.—To the east?

Mr. P. Nilakanta Menon.—Six miles.

Mr. A. Eachara Menon.—To the west?

Mr. P. Nilakanta Menon.—About 7 miles.

Mr. A Eachara Menon.—From the public offices to the Tattamangalam boundary, is it 7 miles?

Mr. P. Nilakanta Menon.—It is to the Kozhinjampara boundary.

Mr. A. Eachara Menon.—I meant the west.

Mr. P. Nilakanta Menon.—Two miles.

Mr. A. Eachara Menon.—Do the Government realise that cars of Chittur run more on British roads than on those of Cochin?

Mr. P. Nilakanta Menon.—That has not to be answered. It all depends upon what actually takes place.

Books got back from Depressed Classes pupils—list of.

212. മിസ്റ്റർ കെ. പി. വള്ളോൻ.—കൊല്ലംതോറും ക്ലാസ്സു കയറാറം കട്ടിപോകുന്ന അധഃകൃത വിദ്യാർത്ഥികളോട് മടക്കിവാങ്ങിച്ചിട്ടുള്ള പുസ്തകങ്ങളുടെ ഒരു ലിസ്റ്റ് ഈമേശപ്പുറത്തു വയ്ക്കുമോ?

രാമവർമ്മതമ്പുരാൻ.—അധഃകൃത വിദ്യാർത്ഥികളിൽനിന്ന് ഉപയോഗിച്ച പഴയ പുസ്തകങ്ങളെ മടക്കി മേടിക്കുക പതിവില്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—ധാരാളം അധഃകൃത വിദ്യാർത്ഥികളോട് പുസ്തകങ്ങളും മടക്കിവാങ്ങിയിട്ടുള്ളതായി എനിക്കറിയാം.

മിസ്റ്റർ പി. തിസ്സ്. കേശവൻനമ്പൂതിരി.—ഗവർമ്മെൻറ് അതിനെപ്പറ്റി വല്ല അന്വേഷണവും നടത്തുകയുണ്ടായോ?

രാമവർമ്മതമ്പുരാൻ.—അന്വേഷണം നടത്തുകയുണ്ടായി.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—വല്ല പഴയപുസ്തകങ്ങളും പുതിയ കൊല്ലങ്ങളിൽ അധഃകൃത വിദ്യാർത്ഥികൾക്കു കൊടുക്കുന്ന പതിവുണ്ടോ?

രാമവർമ്മതമ്പുരാൻ—ഇല്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—പല സ്ഥലങ്ങളിലും അങ്ങിനെ കൊടുത്തിട്ടുള്ളതായി എനിക്കറിയാം. മൂവുകാട്ടുതന്നെ രണ്ടാംക്ലാസ്സിലും മൂന്നാംക്ലാസ്സിലും പഠിക്കുന്ന കുട്ടികൾക്ക് പഴയ പുസ്തകംതന്നെ കൊടുത്തതായി എനിക്കറിയാം.

മിസ്റ്റർ ടി. കെ. നായർ.—അധഃകൃതസംരക്ഷകൻറെ റിപ്പോർട്ടുകൊണ്ടതെന്നയാണോ ഗവർമ്മെൻറിന് അറിവു കിട്ടിയിട്ടുള്ളതു?

LIBRARY ARCHIVES Kerala Legislative Assembly

രാമവമ്മതമ്പുരാൻ.—അതെ.

മിസ്റ്റർ ടി. കെ. നായർ.—വേറെവഴിക്കു അന്വേഷിക്കണമെന്നു ഗവമ്മെൻറിനു തോന്നുകയുണ്ടായോ?

രാമവമ്മതമ്പുരാൻ.— സംരക്ഷണ ഡിപ്പാർട്ട്മെണ്ടിനെപ്പറ്റിയുള്ള ചോദ്യമായതുകൊണ്ടു് ആ ഡിപ്പാർട്ട്മെൻറു മേലദ്ധ്യക്ഷനോടു ചോദിച്ചതാണു്. ഈ മാതിരി കാര്യങ്ങളിൽ personal ആയിട്ടു് ആരോടും ചോദിക്കാറില്ല.

മിസ്റ്റർ ടി. കെ. നായർ.—ഡിപ്പാർട്ട്മെണ്ടിനെപ്പറ്റിയുള്ള ആക്ഷേപം വരുമ്പോൾ ആ ഡിപ്പാർട്ട്മെൻറു മേലദ്ധ്യക്ഷനോടു തന്നെ ചോദിച്ചാൽ മതിയെന്നാണോ ഗവമ്മെൻറിൻെറ ധാരണ? ഡിപ്പാർട്ട്മെൻറു മേലദ്ധ്യക്ഷനിൽനിന്നും ശരിയായ മറുപടി കിട്ടുമെന്നു ഗവമ്മെൻറു് ഉദ്ദേശിക്കുന്നുണ്ടോ?

രാമവമ്മതമ്പുരാൻ.—അങ്ങിനെയാണു് പതിവു്. ഡിപ്പാർട്ട്മെൻറിനെപ്പറ്റിയുള്ള സംഗതികൾ അതിലെ ആപ്പീസരോടല്ലാതെ വേറെ വല്ലവരോടും ചോദിക്കുമോ! ഈ ചോദ്യത്തിൽ വിദ്യാർത്ഥികൾക്കു കൊടുക്കുന്ന പുസ്തകം പഴയതാണോ പുതിയതാണോ എന്നു ചോദിച്ചിട്ടില്ല.

Purpose for which books are got back from Depressed Classes pupils.

213. മിസ്റ്റർ കെ. പി. വള്ളോൻ.—(എ) കഴിഞ്ഞ വർഷത്തിൽ കൊടുത്ത പുസ്തകങ്ങളിൽ ഇക്കൊല്ലത്തിൽ മടക്കി വാങ്ങീട്ടുള്ളതു് എത്ര;

(ഒ) ടി പുസ്തകങ്ങൾ കൊല്ലംതോറും മടക്കി വാങ്ങുന്നതു് എന്തുപയോഗത്തിനാണു്?

രാമവമ്മതമ്പുരാൻ.—(എ) ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയെ ഏ എ ഏ -ാം നമ്പ്ര ചോദ്യത്തിൻെറ ഉത്തരത്തിലേക്കു ക്ഷണിച്ചിരിക്കുന്നു.

(ഒ) മേൽപറഞ്ഞ ഉത്തരം കാരണം ഇതിനു് വേറെ ഉത്തരം ആവശ്യമില്ല.

Agency for supply of books to Depressed Classes pupils—offers for.

214. മിസ്റ്റർ കെ. പി. വള്ളോൻ.—(a) ഈ വർഷത്തിൽ പുസ്തകം മുതലായവ അധഃകൃത വിദ്യാർത്ഥികൾക്കു സപ്ലൈചെയ്യുവാൻ വല്ലവരും അപേക്ഷ അയച്ചിട്ടുണ്ടോ;

(b) ഉണ്ടെങ്കിൽ എത്ര;

(c) ഓരോ അപേക്ഷകളിലും ഉറപ്പിക്കൊണ്ടു് എന്തൊരായം തന്നുകൊള്ളാമെന്നു പറഞ്ഞിട്ടുണ്ടു്;

LIBRARY ARCHIVES Kerala Legislative Assembly